സമഗ്ര കടിവെള്ള പദ്ധതി - താനൂർ നിയോജകമണ്ഡലം

224 (916) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കുമെന്ന് ധനകാര്യമന്ത്രി കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി ഈ സാമ്പത്തിക വർഷം അഞ്ച് കോടി രൂപ വിനിയോഗിക്കും എന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എന്തൊക്കെ തുടർനടപടികളാണ് ഇതുസംബന്ധമായി ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായതെന്ന് വിശദമാക്കാമോ ;

(ഡി) ഈ പദ്ധതിക്കായി ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 2 ഏക്കറോളം ഭൂമി ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുനൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പദ്ധതി എന്നത്തേക്ക് തുടക്കം കുറിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ഉണ്ട്.

(സി) താനൂരിനും സമീപപ്രദേശങ്ങളായ താനാളൂർ, നിറമരുതൂർ, ചെറിയമുണ്ടം, പൊൻമുണ്ടം പഞ്ചായത്തുകൾക്കുംവേണ്ടി ഒന്നാം ഘട്ടമായി 7625 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അനുമതിയ്ക്കായി 2015-ലെ സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഭരണാനുമതി നൽകിയ ശേഷം പദ്ധതി പ്രവർത്തനം തുടക്കം കുറിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly